# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

### സംഗ്രഹം

നെയ്യാറ്റിൻകര ഗ്രൂപ്പ് - വെള്ളായണി ദേവസ്വം ഉപദേശക സമിതിയുടെ നിരന്തരമായ ബൈലാവിരുദ്ധ. പ്രവർത്തനങ്ങൾക്കെതിരെ പുറപ്പെടുവിക്കുന്ന ഉത്തരവ്

---

ആർ.ഒ.സി.15728/15/എൻ.എസ്.1 തീയതി: 16/05/2023

---

സൂചന:-

1) 30/11/2011 ലെ ആർ.ഒ.സി.1809/09/എൻ.എസ്.നമ്പർ ബോർഡ് വിജ്ഞാപനം
2) 6/8/2022 ലെ മേൽ നമ്പർ ഉത്തരവ്
3) 8/12/2022 ലെ മേൽ നമ്പർ ഉത്തരവ്
4) ഉപദേശക സമിതി പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് 16/12/2022 ലെ 22/2022-ാം നമ്പരായി രേഖപ്പെടുത്തി നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നൽകിയ സമാധാനം
5) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 16/12/2022 ലെ റിപ്പോർട്ട് നം.1930
6) 4/2/2023 ലെ മേൽ നമ്പർ ഉത്തരവ്
7) 10/2/2023 ലെ മേൽ നമ്പർ ഉത്തരവ്
8) WP (C ) no.4729/23 ൽ പുറപ്പെടുവിച്ച 14/02/2023 ലെ വിധിന്യായം
9) 16/02/2023 ലെ മേൽ നമ്പർ പ്രകാരം വെള്ളായണി ദേവസ്വം ഉപദേശക സമിതി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് നൽകിയ നോട്ടീസ്
10) ഉപദേശക സമിതി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ 23/02/2023 ൽ 90/2023, 91/2023, 92/2023 എന്നീ നമ്പരുകളായി രേഖപ്പെടുത്തി ദേവസ്വം കമ്മീഷണർക്ക് ലഭ്യമാക്കിയ സമാധാനം
11) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 6/3/2023 ലെ റിപ്പോർട്ട് നം.3245
12) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 6/3/2023 ലെ 3245-ാം നമ്പർ റിപ്പോർട്ടും, ഉപദേശക സമിതി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ 15/02/2023 ൽ 87/2023, 88/2023, 89/2023 എന്നീ നമ്പരുകളായി രേഖപ്പെടുത്തി നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നൽകിയ സമാധാനം
13) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 31/03/2023 ലെ റിപ്പോർട്ട് നം.3236
14) 27/04/2023 ലെ മേൽ നമ്പർ ഉത്തരവ്

## ഉത്തരവ്

നെയ്യാറ്റിൻകര ഗ്രൂപ്പിലെ വെള്ളായണി സബ്ഗ്രൂപ്പിൽപ്പെട്ട വെള്ളായണി ദേവസ്വത്തിൽ സൂചന 1 ലെ വിജ്ഞാപനത്തിലെ നിബന്ധന പ്രകാരം ഉപദേശക സമിതിയെ തെരഞ്ഞെടുക്കുകയും പ്രസ്തുത ഉപദേശക സമിതിയ്ക്ക് സൂചന 2 ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും ചെയ്തു. തുടർന്ന്, ദേവ പ്രശ്ന പരിഹാര ക്രിയകളുമായി ബന്ധ

പ്പെട്ട് ടി ദേവസ്വം ഉപദേശക സമിതി അച്ചടിച്ച നോട്ടിസിൽ ബോർഡ് അധികാരികളുടെ പേര് വിവരങ്ങളോ ദേവസ്വം ബോർഡ് ചിഹ്നങ്ങളോ രേഖപ്പെടുത്താതെ തന്നിഷ്ട പ്രകാരം അച്ച ടിച്ച് വിതരണം ചെയ്ത സംഗതിയിന്മേൽ സൂചന 3 പ്രകാരം നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖേന ഉപദേശക സമിതി പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ഉപദേശക സമിതിയിലെ അംഗങ്ങൾ എല്ലാരും ആദ്യമായിട്ടാണ് ഉപദേശക സമിതി അംഗങ്ങളാകുന്നതെന്നും ദേവസ്വത്തിലെ നോട്ടീസിൽ ദേവസ്വം അധികാരികളുടെ പേര് വയ്ക്കാത്തത് അറിവില്ലായ്മകൊണ്ട് സംഭവിച്ചതാണെന്നും ക്ഷേത്രോപദേശക സമിതി ബൈലായ്ക്കും, ദേവസ്വം ബോർഡ് നിർദ്ദേശങ്ങൾക്ക് അനുസ രിച്ചും മേലിൽ പ്രവർത്തിച്ചുകൊള്ളാമെന്നും ബോധിപ്പിച്ചുകൊണ്ട് ടി ഉപദേശക സമിതി പ്രസി ഡന്റ്, സെക്രട്ടറി എന്നിവർ സമാധാനം സമർപ്പിച്ചിരുന്നു (സൂചന 4). എന്നാൽ തുടർന്നും ടി ഉപദേശക സമിതിയുടെ ഭാഗത്ത് നിന്നും സമാനമായ വീഴ്ചകൾ സംഭിച്ചിട്ടുള്ളതാണ്. കാളി യൂട്ടുമായി ബന്ധപ്പെട്ട് ടി ഉപദേശക സമിതി ദേവസ്വം ബോർഡിന്റെ അനുവാദമില്ലാതെ സമൂഹ വിവാഹം സംഘടിപ്പിക്കുന്നതായി ബന്ധപ്പെട്ട് പോസ്റ്റർ പ്രചരിപ്പിച്ചിട്ടുള്ളതും, മേലുദ്ദ്യോഗസ്ഥരുടെ ഉത്തരവ് ലംഘിച്ച് ദേവസ്വത്തിൽ രാഷ്ട്രീയ പ്രേരിതമായ കൊടിതോര ണങ്ങൾ കെട്ടിയതും സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുകയും, ആയതിന്മേൽ ഉപ ദേശക സമിതിയുടെ വിശദീകരണം ആരായുകയും ചെയ്തു (സൂചന 7). എന്നാൽ ഉപദേ ശക സമിതി കൊടി തോരണങ്ങൾ കെട്ടുന്നത് സംബന്ധിച്ച് ദേവസ്വം ബോർഡിനെ എതിർ കക്ഷിയാക്കി കേസ് ഫയൽ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. തുടർന്ന് ദേവസ്വം ബോർഡിന് അനുകൂലമായി ബഹു:കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചതിനെ തുടർന്ന് സൂചന 9 ആയി നിർദ്ദേശം നൽകിയതിൻ പ്രകാരമാണ് ടി കൊടിതോരണങ്ങൾ താൽക്കാലികമായി ഒഴിവാക്കിയിട്ടുള്ളത്. കൂടാതെ സൂചന 12 റിപ്പോർട്ടിനൊപ്പം ലഭിച്ചിട്ടുള്ള ഉപദേശക സമിതി യുടെ വിശദീകരണത്തിൽ ദേവസ്വം മുദ്ര വച്ച് നൽകുന്ന രസീതുകൾ ഉപയോഗിച്ച് മാത്രമേ പണപ്പിരിവ് നടത്തുകയുള്ളൂവെന്ന് ബോധിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന് വിരുദ്ധ മായി ടി ഉപദേശക സമിതി ദേവസ്വം ബോർഡ് മുദ്ര വച്ച് നൽകാത്ത കൂപ്പണുകൾ ഉപയോ ഗിച്ച് പണപിവിരവ് നടത്തുന്നതായി കാണിച്ച് ടി കൂപ്പണുകളുടെ പകർപ്പ് സഹിതം ചേർത്ത് നിരവധി പരാതികൾ ലഭിക്കുകയും, ആയതിന്മേൽ പോലീസിൽ പരാതി നൽകുന്നതിന് നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തു (സൂചന 14). ഉപദേശക സമിതി രൂപീകരണ ബൈലായ്ക്കും മേലാഫീസിൽ നിന്നും ലഭി ക്കുന്ന നിർദ്ദേശങ്ങളിന്മേലും തുടർന്നും വീഴ്ച വരുത്തുന്ന പക്ഷം ടി ഉപദേശക സമിതിയുടെ അംഗീകാരം റദ്ദ് ചെയ്തു ടി ഉപദേശക സമിതിയെ പിരിച്ചു വിടുന്നതിനുള്ള നടപടി സ്വീകരി ക്കാവുന്നതാണെന്ന് നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശുപാർശ ചെയ്തിട്ടു ള്ളതാണ് (സൂചന 11).

വെള്ളായണി ദേവസ്വത്തിൽ കാളിയൂട്ടിനോടനുബന്ധിച്ച് പൂർവ്വാതിർത്തി ലംഘിച്ച് ഇറക്കി പൂജ നടത്താൻ പാടില്ലായെന്ന് കാണിച്ച് ഉപദേശക സമിതിയ്ക്ക് രേഖാമൂലം അസിസ്റ്റന്റ് ദേസ്വം കമ്മീഷണർ ആഫീസിൽ നിന്നും നിർദ്ദേശം നൽകുകയും, തുടർന്ന് ആചാരനുഷ്ഠാനങ്ങൾ പാലിച്ചുകൊണ്ട് പൂർവ്വാതിർത്തി ലംഘിക്കാതെയാണ് കോലിയ ക്കോട് വീടുകളിലെ ഇറക്കി പൂജ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും, ഉപദേശക സമിതി രേഖാ

മൂലം മറുപടി നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി ഉപദേശക സമിതിയുടെ നേതൃത്തിൽ പൂർവ്വാചാര അതിർത്തി ലംഘിച്ചുകൊണ്ട് ഇറക്കിപൂജ നടത്തുവാൻ ശ്രമം നടത്തുന്നതായി കാണിച്ച് മുൻ ഉപദേശക സമിതി പ്രസിഡന്റ് ശ്രീ.മഹേശ്വരൻ നായർ ദേവസ്വം ആഫീസിൽ നേരിട്ട് എത്തി പരാതി ബോധിപ്പിച്ചതിൻ പ്രകാരം കോലിയക്കോട് ഇറക്കി പൂജ ലിസ്റ്റ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടുവെങ്കിലും, ടിയാന്മാർ ലിസ്റ്റ് തരാൻ തയ്യാറായിട്ടില്ലാത്ത സാഹചര്യത്തിൽ സംഘർഷ സാധ്യത മുന്നിൽ കണ്ട്കൊണ്ട് പോലീസ് സംരക്ഷണം ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 26/03/2023 ൽ ഒരു കൂട്ടം നാട്ടുകാരും, ഉത്സവ കമ്മിറ്റി അംഗങ്ങൾ എന്ന് അവകാശപ്പെടുന്ന ഒരു വിഭാഗം ആൾക്കാരും, ഉപദേശക സമിതിയിലെ ചില വ്യക്തികളും ചേർന്ന് തങ്കതിരുമുടിയെയും, മൂത്തവാത്തിയെയും തടഞ്ഞ് വച്ച് ടിയാന്മാരുടെ നിർദ്ദേശ പ്രകാരമുള്ള മറ്റ് ചില വീടുകളിൽ മാത്രമേ ഇറക്കി പൂജ നടത്തുവാൻ അനുവദിക്കുകയുള്ളൂ എന്ന് ശാഠ്യം പിടിക്കുകയും, ബലം പ്രയോഗിച്ച് പോലീസ് സംരക്ഷണത്തിൽ തങ്കതിരുമുടികൊണ്ട് പോയാൽ രക്തച്ചൊരിച്ചിൽ ഉണ്ടാകുമെന്നും ഭീഷണിപ്പെടുത്തിയിട്ടുള്ളതായും, അപ്രകാരം 4 മണിക്കൂറോളം പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ പൂർവ്വാതിർത്തിക്കകത്ത് ഇറക്കിപൂജ നടത്തുവാൻ ശ്രമിച്ചാൽ ഉപദേശക സമിതി ഉത്സവാദി ചടങ്ങുകളിൽ നിന്നും പൂർണ്ണമായി പിന്മാറുമെന്ന് ഭീഷണിപ്പെടുത്തിയ സാഹചര്യത്തിൽ ഇറക്കി പൂജ ലിസ്റ്റ് ദേവസ്വം ആഫീസിൽ ഇല്ലാത്തതിനാലും കാളിയൂട്ട് മഹോത്സവം മുടങ്ങുമെന്നതിനാലും ടിയന്മാരുടെ ഭീഷണിയ്ക്ക് വഴങ്ങി ടി വീടുകളിൽ ഇറക്കിപൂജ ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുള്ളതായി സൂചന 13 റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ളതുമാണ്. കോലിയക്കോട് ദിക്കുബലിയോട് അനുബന്ധിച്ച് ഉണ്ടായ സംഭവവികാസങ്ങൾ ഉപദേശക സമതി ഡിപ്പാർട്ട്മെന്റിനെ തെറ്റിദ്ധരിപ്പിച്ച് ബോധപൂർവ്വം സൃഷ്ടിച്ചിട്ടുള്ളതാണെന്നും, ഉപദേശക സമിതിയുടെ മറവിൽ ചില സംഘടനകളും വ്യക്തികളുമാണ് വെള്ളായണി ദേവസ്വത്തിലെ കാളിയൂട്ട് മഹോത്സവം നിയന്ത്രിക്കുന്നതെന്നും ടി ഉപദേശക സമിതിയ്ക്ക് എതിരെ കർശന നടപടി സ്വീകരിക്കണമെന്നും ടി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളതാണ്. കൂടാതെ കാളിയൂട്ടിനോടനുബന്ധിച്ച് ടി ഉപദേശക സമിതി അച്ചടിച്ച് വിതരണം ചെയ്ത കൈപ്പുസ്തകത്തിൽ ദേവസ്വം ബോർഡിന്റെ ആചാരമര്യാദയ്ക്ക് വിരുദ്ധമായി സാമൂഹപരിഷ്കർത്താക്കൾ എന്ന പേരിൽ ക്ഷേത്രവുമായി പുലബന്ധം പോലുമില്ലാത്ത ഇതര ദേശക്കാരായ ചില വ്യാജ സന്യാസിമാരുടെ ചിത്രം സഹിതം അച്ചടിച്ചിരുന്നതിനെതിരെയും നിരവധി പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം പ്രവർത്തികൾ കൈമുതലാക്കിയ നിലവിലെ ഉപദേശക സമിതിയുടെ പ്രവർത്തികൾ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധവും ക്ഷേത്രത്തിന്റെയും, ഹിന്ദുമത വിശ്വാസത്തിന്റേയും പാരമ്പര്യത്തിന് എതിരാണെന്നും കാണുന്നു.

നെയ്യാറ്റിൻകര ഗ്രൂപ്പിലെ വെള്ളായണി ദേവസ്വത്തിൽ സൂചന 2 ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ള ഉപദേശക സമിതി നിരന്തരമായി ഡിപ്പാർട്ട്മെന്റ് താൽപ്പര്യങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിച്ചുവരുന്നത്. ക്ഷേത്രങ്ങളിൽ ഉത്സവാദി അടിയന്തിരങ്ങൾ, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ദേവസ്വം ബോർഡിന് സഹായകരമായി പ്രവർത്തിക്കുക എന്ന മൗലികമായ ഉത്തരവാദിത്വ ലംഘനം വെള്ളായണി ദേവസ്വം ഉപദേശക സമിതിയിൽ നിന്നും പലപ്പോഴായി ഉണ്ടായിട്ടുള്ളതായി വ്യക്തമായിട്ടുള്ളതാണ്. ക്ഷേത്രാചാരങ്ങൾക്ക് എതിരെ പ്രവർത്തിക്കുക, ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെയും,

ജീവനക്കാരുടെയും കൃത്യനിർവ്വഹത്തിൽ തടസ്സം സൃഷ്ടിക്കുക, ദേവസ്വം ബോർഡിന്റെ അനുവാദമില്ലാതെ അനധികൃത പണപ്പിരിവ് നടത്തുക തുടങ്ങിയ ഗുരുതരമായ ബൈലാ വിരുദ്ധ നടപടികളാണ് ടി ഉപദേശക സമിതിയിൽ നിന്നും ഉണ്ടായിട്ടുള്ളത്. സൂചന 1 ബൈല യിലെ നിബന്ധന 2, 9, 18 എന്നിവയുടെ നഗ്നമായ ലംഘനം നടത്തിയിട്ടുള്ളതായി ബോദ്ധ്യ പ്പെട്ടിട്ടുള്ളതിനാൽ ബഹു:ഹൈക്കോടതി അംഗീകരിച്ച സൂചന 1 ലെ വിജ്ഞാപനം പ്രകാരം നിർണ്ണയിച്ചിട്ടുള്ള ദേവസ്വം ബോർഡിന്റെ അധികാര അവകാശങ്ങൾ (നിബന്ധന 12) വിനി യോഗിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) നെയ്യാറ്റിൻകര ഗ്രൂപ്പിലെ വെള്ളായണി സബ്ഗ്രൂപ്പിൽപ്പെട്ട വെള്ളായണി ദേവസ്വ ത്തിൽ തെരഞ്ഞെടുത്ത് സൂചന 2 ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ള ഉപദേശക സമതിയെ പിരിച്ച് വിട്ട് ഉത്തരവാകുന്നു. ടി ഉപദേശക സമിതിയുടെ നാളി തുവരെയുള്ള വരവ് ചെലവ് കണക്കുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ആഡിറ്റിന് വിധേയ മാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ ഹാജരാക്കേണ്ടതാണ്. യഥാസമയം വരവ്-ചെലവ് കണക്ക് സമർപ്പിച്ചില്ലെങ്കിൽ പിരിച്ചു വിട്ട ഉപദേശക സമിതിയിലെ അംഗങ്ങളെ രജിസ്ട്രേർഡ് മണ്ഡലത്തിൽ നിന്നും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെ ഒഴിവാക്കേണ്ടതുമാണ്.

2) വെള്ളായണി ദേസ്വത്തിലെ ഉത്സവാദി അടിയന്തിരങ്ങൾ ഭക്തജനങ്ങളുടെ സഹകരണ ത്തോടെ ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തുന്നതിനെ സംബന്ധിച്ച് നെയ്യാറ്റിൻകര അസി സ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ എന്നി വർ വിശദമായ റിപ്പോർട്ട് ഹാജരാണ്ടേതാണ്.

ദേവസ്വം കമ്മീഷണർ

Jyo.15/05